# TECH-CHRONICLE

A DIGITAL MAGAZINE FROM ST.JOSEPH'S HS POOVATHUSSERY



little KITEs

# ST.JOSEPH'S HIGH SCHOOL POOVATHUSSERY



'പള്ളിയോട് ചേർന്ന് പള്ളിക്കൂടം' എന്ന ആശയത്തിൽ നിന്നും പ്രചോദനമുൾകൊണ്ട് 1916-ാമാണ്ട് ജൂൺ ഒന്നാം തിയതി പുവത്തുശ്ശേരി ഇടവക പള്ളിയുടെ നേതൃത്വത്തിൽ ആരംഭംകുറിച്ച സെൻറ് ജോസഫ്സ് ലോവർ പ്രൈമറി സ്കൂൾ പിൽക്കാലത്തു ഹോളി ഫാമിലി സന്യാസിനി സമൂഹം ഏറ്റെടുക്കുകയും കാലക്രമേണ ഹൈ സ്കൂൾ ആയി വളർച്ച പ്രാപിക്കുകയും ചെയ്തു.

ഒരു നൂറ്റാണ്ടിന്റെ ചരിത്രം പേറി നിൽക്കുന്ന ഈ വിദ്യാമന്ദിരം ആയിരങ്ങൾക്ക് അറിവ് പകർന്നുകൊണ്ട്,വിജയങ്ങൾ ശീലമാക്കി കൊണ്ട് പൂവത്തുശ്ശേരി ഗ്രാമത്തിനു അഭിമാനമായി നിലകൊള്ളുന്നു.

# ഇതളുകൾ മറിയുമ്പോൾ


*എഡിറ്റോറിയൽ*
*എഡിറ്റോറിയൽ ബോർഡ്*
*സ്നേഹപൂർവ്വം ഹെഡ് മിസ്ട്രസ്*
*അധ്യാപക  സന്ദേശം*
*ബാപ്പുജി*
*മംഗള സംഗീതം*
*E-Words*
*Prescription for happiness*
*Tasty Almonds*
*സൗന്ദര്യ ലഹരി*
*Clock or truth what's ticking away?*
*തത്ത*
*ഗുരു നാഥ*
*കഴുതയ്ക്ക് പറ്റിയ അമളി*
*മഴക്കാലം*
*Robert Frost*
*തെളിയുന്ന വസന്തം*
*അമ്മ*
*Sky Palace*
*English Rose*
*രാഗം നദികളാകുന്നു*
*ഉപാവും അപായവും*
*The Stammer*
*നന്ദി*

# EDITORIAL

കുട്ടിപ്പട്ടങ്ങൾ...........

ചേലുള്ള പട്ടങ്ങൾ.........

നീലാകാശത്തിൽ പാറിനടക്കുന്ന ചേലുള്ള പട്ടങ്ങൾ.......

അറിവിന്റെ ആകാശത്തിൽ പാറി നടക്കുന്ന ചേലുള്ള കുഞ്ഞൻ പട്ടങ്ങൾ......

സാങ്കേതിക വിദ്യകളുടെ ആകാശം കണ്ട് കൗതുകക്കണ്ണുകൾ തുറന്ന് പാറി നടക്കുന്ന ചേലുള്ള കുഞ്ഞൻ പട്ടങ്ങൾ..............

കാറ്റിലുലയാതെ , ചില്ലകളിൽ കുടുങ്ങാതെ , സ്വതന്ത്രമായി പറക്കാൻ അനുവദിച്ച് പട്ടച്ചരടുകൾ നിയന്ത്രിച്ച ഗുരുക്കൻമാർ താഴെയുണ്ട് ............

പുത്തൻ വിദ്യകൾ പഠിച്ച് , പുതുലോകം കണ്ട് ഞങ്ങൾ പറക്കട്ടെ.....

അനുഗ്രഹിച്ചാലും......................

എഡിറ്റർ





## സ്നേഹപൂർവ്വം ഹെഡ്മിസ്ട്രസ്

**പൂ**വ്വത്തുശ്ശേരി സെൻറ് ജോസഫ്സ് എച്ച് എസ്സിലെ ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ സാങ്കേതികവും സർഗാത്മകവുമായ കഴിവുകളെ വളർത്തുന്നതിനും അറിവിൻെറ പുതിയ മേഖലകളെ കൈയ്യെത്തിപ്പിടിക്കുന്നതിനും ഉതകുന്ന പുതിയ സംരഭമായ *ഇ-മാഗസിൻ* പുതുതലമുറയ്ക്ക് പ്രചോദനമാകട്ടെ. താത്പര്യത്തോടും, തന്മയത്ത്വത്തോടും ആരംഭിച്ചിരിക്കുന്ന ഈ ദൗത്യം വിജയപ്രദമാക്കാനും അതുവഴി അനേകം കുരുന്നുകൾക്ക് വഴികാട്ടികളാകാനും നിങ്ങൾക്ക് കഴിയട്ടെ.

ഇ -മാഗസിൻ നിർമ്മിക്കുന്നതിൽ അതിയായ സന്തോഷം അറിയിക്കുന്നു. ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കെല്ലാവർക്കും അഭിനന്ദനങ്ങൾ നേർന്നുകൊണ്ട്.

**നിങ്ങളുടെ സ്വന്തം എച്ച്.എം**

**സിസ്റ്റർ. മരിയാ പോൾ ( ഒപ്പ് )**



************

# അധ്യാപക സന്ദേശം

അറിവിൻെറ പുതിയ ചക്രവാളങ്ങൾ തേടി പറക്കുന്ന കുട്ടിപ്പട്ടങ്ങൾക്ക് അഭിവാദനങ്ങൾ...... അനുനിമിഷം നവീകരിക്കപ്പെടുന്ന സാങ്കേതിക വിദ്യകൾ ലോകത്തെ ഭരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ മേഖലയിലെ പുത്തൻ അറിവുകൾ പരിചയിക്കേണ്ടതും പഠിക്കേണ്ടതും അത്യാവശ്യമായി തീർന്നിരിക്കുന്നു.

ഹൈ-ടെക് യുഗത്തിൻെറ സന്തതികളായ ന്യൂ ജനറേഷൻ മില്ലേനിയം ശിശുക്കൾ ചൂണ്ടുവിരൽ ചലനങ്ങളാൽ ലോകത്തെ അമ്മാനമാടുന്ന കാഴ്ചകൾ നിറയുന്ന ഈ അവസരത്തിൽ ടെക്നോളജിയുടെ ചുവടുപിടിച്ച് ബഹുദൂരം മുന്നോട്ടുകുതിക്കുവാൻ നമ്മുടെ കുട്ടിപ്പട്ടങ്ങൾക്ക് കഴിയട്ടെ.

ആശംസകളോടെ,

അധ്യാപകർ



# ബാപ്പൂജി

*ദേവൂട്ടി ഗുരുവായൂർ*

**ഇ**ന്നിതെൻെറ നാട് അങ്ങയുടേയും
ജീവനായ്ക്കരുതിയതും ജീവനെടുത്തതും ഇവിടെ
ഇന്നിൻെറ വഴികളിൽ യാത്രചെയ്യാൻ
ഊന്നുവടിയൊന്നുപോരാ
അടിവെച്ചുനീങ്ങീടുമാ വഴിത്താരകൾ
പാതാളമോ പാതയോ
ഉടുതുണിയുരിഞ്ഞുറഞ്ഞാടുന്നുണ്ട്
ഇടവഴികൾ താണ്ടി ജാതിക്കോമരങ്ങൾ
കാലത്തിനനിവാര്യമെന്നുചൊല്ലി
കള്ളന്മാർക്കെല്ലാം കനകസിംഹാസനം
ഹിംസയുമനീതിയും ജഡയുലച്ചാടുന്ന
മതം മേൽമുണ്ടഴിച്ച് ജാതിയെ
ഉടുക്കുകൊട്ടിയുണർത്തുന്നു
വിപ്ലവത്തിൻെറ വഴികൾ മുടക്കുന്നു
വികസനം ചൊല്ലിയൊരധികാരി വർഗങ്ങൾ
സോദരിയുമമ്മയൊന്നുമില്ലീ പാരിൽ
രതിസുഖം നല്കുമോരുടലുമാത്രം
വാക്കും പ്രവർത്തിയും രണ്ടെല്ലന്നോതിയ
മഹാത്മാവേ മാപ്പ്
ഒന്നല്ല ഒൻപതു വെടിയുണ്ടകൾ
ഇരന്നുവാങ്ങുമീ യുഗത്തിൽ
ഊർദ്ധ്വശ്വാസം വലിക്കുമീ നാടിനെ
ഉയിർക്കൊടുത്തുയർത്താനാകുമോ എന്നെങ്കിലും
നോട്ടുകെട്ടിലുറങ്ങുന്ന ഗാന്ധിയെ
നോട്ടമിട്ടുണരുന്ന പുലരികൾ
സത്യവുമഹിംസയും പാഴ് വാക്കുകൾ, എങ്കിലും
നന്മയുടെ പ്രകാശമായി
മാറ്റത്തിൻെറ ശംഖൊലിയുമായ് ഒരു പൊൻ പുലരി
പിറന്ന നാടിൻെറ നന്മക്കായി
ചങ്കുറപ്പുള്ള ചാവേറനാവാൻ
കരുത്താർന്ന കരളുറപ്പോടെ
തുടിക്കുന്ന യുവത്വമിതാ....

*************

# മംഗള സംഗീതം

ശാന്തി മന്ത്രങ്ങൾ നവധാരയായൊഴുകി,
കാന്തി പൂത്തവാനിൽ പട്ടുകുട നിവർത്തി
പ്രണയ മലർവസന്തമായ് പൂമാരി ചൊരിഞ്ഞു
ഉണകുന്ന പാലരിയിൽ പുണരുന്ന ഗാനം

അഴകായ് തിളങ്ങി, പവിഴമലർവാടികൾ,
ആഴമായ് തെളിയുന്നൊരഴകിൽ പതിയുന്ന
കരയും കുരുന്നിന്റെ കാതിൽ താരാട്ടായ്,
ന്തരന്തരയായ് നിറയുന്നൊരി മംഗള സംഗീതം

അവനിയിലുഴലുന്നോർക്കഴലുകളകറ്റി,
നവദരണിയിൽ പുലരിക്കതിരുകൾ വീശി,
കനിവിന്റെ അറിവിന്റെ ഉറവകളുതിരും
ധ്വനിതമാർന്നേകുന്ന പുളകമഴ നാദം.

താളമേളങ്ങൾ തളിരിട്ട നാളങ്ങളിൽ,
ഓളങ്ങളിലുയരുന്ന മോഹന മൃദുസ്പർശം!
ഒരുമതൻ മലരിൽ നിറകുടം തുളുമ്പി
കരുണാമയൻ പാരിൽ ചൊരിഞ്ഞൂദിവ്യഗാനം

പറുദീസയൊരുക്കാൻ വെമ്പുന്ന നാട്ടിൽ
മറുതീരം തിരയുന്ന സ്നേഹസഹജനമൈ,
ഒരുരാഗ തോണിയിൽ നിറയും ദീപമായ്
വരൂ, നിരനിരയായ് നിറഗാനധാരയായ്.

# E-Words

*Angel Kunnath*



1) Mouse ഇല്ലെങ്കിലേ mouse ന്റെ വിലയറിയൂ.

2) വേണമെങ്കിൽ Software Floppy യിലും കയറും.

3) തേടിയ File Cursor ൽ തട്ടി

4) വാവിട്ട വാക്കും Recycle bin വിട്ട ഫയലും തിരിച്ചെടുക്കാൻ പറ്റില്ല.

5) Net ലുള്ളത് Download ചെയ്യുകയും വേണം System ത്തിൽ Virus കയറാനും പാടില്ല.

6) File പോയാൽ Recycle Bin ലും തപ്പണം.

7) ആരാന്റെ System ത്തിൽ Virus കയറിയാൽ കാണാൻ നല്ല ചേല്.

8) Virus നെ പേടിച്ച് Computer കത്തിക്കരുത്.

9) Type പെയ്താൽ പോരെ key എണ്ണണ്ട കാര്യമുണ്ടോ

10) Net ൽ കിടന്ന Virus നെ എടുത്ത് System ത്തിൽ വയ്ക്കുക.

11) പണം കായ്ക്കുന്ന ഫയലായാലും Virus കയറിയാൽ Delete ചെയ്യണം.

12) Computer ഏതായാലും Operator നന്നായാൽ മതി.

13) തന്നേയും തന്റെ System ത്തേയും സ്നേഹിക്കുക.

*[Dedicated to all Virus Attacked Systems!!!]*

************

# PRESCRIPTION FOR HAPPINESS

**Aspire to reach your potential**
**Believe in yourself**
**Create a good life**
**Dream about good things**
**Exercise frequently**
**Forgive honest mistakes**
**Glorify the creative spirit**
**Humour yourself and others**
**Imagine great things**
**Joyfully live each day**
**Kindly help others**
**Love one another**
**Meditate daily**
**Nurture the environment**
**Organise yourself**
**Praise performance**
**Question most things**
**Regulate your behaviour**
**Smile often**
**Think rationally**
**Utilise time**
**Work for a good cause**
**Value life**
**X-ray of examine problems**
**Yearn to improve**
**Zestfully persue happiness**

************

# Tasty Almonds

*Prakasan.A.Edakara*

The lion was the King of the Forest. Once, a squirrel became the servant of the lion. He was very active. He did whatever work was given him,quickly and well.

The lion liked his service. He promised to give the squirrel a cartload of almonds as pension when he retired.

The squirrel was not happy with his job as the servant of the king. He knew the other squirrels in the forest led a carefree life. He too wanted to enjoy life as they did.

He wanted to run up and down trees and leap from branch to branch like his friends. But he could not leave the king's side.

He thought that at the end of his career, he would receive a cartload of almonds. After that he would be able to enjoy his life.

The years passed. The squirrel became old and then it was time for him to retire. The king gave a grand dinner in his honour. At the end of it, the king presented him with a cartload of almonds as he had promised.

The squirrel had waited so long for this day. But when he saw the almonds, he was sad. He realised they were of no use to him now. He had lost all his teeth.

************

# സൗന്ദര്യലഹരി

ചങ്ങമ്പുഴ കൃഷ്ണപിള്ള

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്രകാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ!
ഓരോരോ ദിവസവുമത്യനർഘമായീടും
ചാരുതയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൽ, പ്രാപഞ്ചികജ്ജീവിതത്തിനെ, നമ്മ-
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!
പൂർവദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി-
പ്പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും;



മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും;
വാനിലുല്ലസിച്ചീടും വാർമതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും;
എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
ള്ളെന്തും, ഹാ! ജ്ജീവിതത്തെ മധുരിപ്പിച്ചീടുന്നു!
കുളിർത്ത മണിത്തെന്നൽ സൗരഭോന്മാദം പൂണ്ടു
തളിർത്ത തരുക്കളെതഴുകിത്തളരവേ;

അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-
ത്തൻതിരകളാൽ താളംപിടിച്ചു പാടിപ്പാടി
പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-
യാരണ്യപൂഞ്ചോലകളാമന്ദമൊഴുകവേ;



മരന്ദംതുളുമ്പുന്ന മലരിൻ ചുറ്റുംകൂടി
മുരളും തേനീച്ചകൾ നൽ പല്ലവാകുലമായ
ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവേ;
അറിയാതവരോടുകൂടി നമ്മളു ,മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.
ഈവിധം മനോഹരവസ്തുക്കളെല്ലാം, നമ്മെ-
"ജ്ജീവിക്കു, ജീവിക്കു" കെ, ന്നുദ്ബോധിപ്പിപ്പൂ നിത്യവും

************

# Clock or truth what's ticking away ?

*Ashly Sara*



**Bewitched with come whatever**
**I stepped into the play**
**Unaware of its pros and cons.....**

**Enchanted with expectedness**
**Hampered with sutures**
**Taught me to snooze**
**With each second ticking away.....**

**Sight which seemed easy but was hard**
**Tried the goal till success ran into**
**Filling the treasure, hidden against a buried flame**

**Came again the heavy storm**
**Drizzling drops wiping the sunshine**
**Haven't the chef yet taken over ?**
**Oh, left me pondering.....completely shaken**

**Unable to seek an answer**
**Floating towards the rim**
**Eyes shut tight,**
**Left surprise to push its way through.....**

**The trailing edge, that's me.....**
**Should I join or watch the game ?**
**I take a step up the ladder;**
**Certain with none yet forever holding onto the creator**
**Forcing a smile,**
**I gaze at the clock.....**
**Its certainly ticking away.....**

******************

# തത്ത

അനീറ്റ ഷാജ്ജ



പുഞ്ചവയലിൽ പാറുന്ന തത്തേ
പുത്തരിയുണ്ണാൻ കൊതിയുണ്ടോ?
നീയണിഞ്ഞീടുന്ന പച്ചപ്പുഞ്ഞുകിൽ
നെയ്തതാരെന്റെ തത്തമ്മേ
ചുണ്ടിൽ ചെഞ്ചായം തേച്ചുമിനുക്കി
മാനം നോക്കി പറക്കുന്ന നിന്റെ
മോദം കണ്ടിട്ടെൻ മനതാരിൽ
അസൂയ തോന്നുന്നടപ്പിറപ്പേ
പൂനെൽ കതിരുകൾ കൊത്തിയെടുത്തി-
ട്ടെങ്ങോട്ട് നീ പാറുന്നു...
മണ്ണിലെ മാനവനുള്ളൊരു  ഖേദം
ഓർത്താൽ നിനക്കുണ്ടോ തത്തമ്മേ
നരാധമന്മാരൊരുക്കും കെണിയിൽ
നീ പതിച്ചീടല്ലെ തത്തമ്മേ
നിന്നടിമയായ് തൽപനനാതൽ
നെയ് തൊരുക്കൂട്ടിലടച്ചീടാൻ
വെമ്പൽകൊള്ളുന്നമർത്ത്യകീടങ്ങൾ
ഇപ്പാരിലുണ്ടെൻെറ തത്തമ്മേ
സ്വാതന്ത്ര്യത്തിന്നമൃതയാനുകരന്നു

************

# ഗുരു നാഥ

*ഹീര വി.എസ്.*




സപ്ത സ്വരങ്ങളാൽ എഴുതിയ കാവ്യമെൻ
കൈവിരലിൽ ചാലിച്ച ഗുരുവല്ലയോ
ഇടനെഞ്ചിലാദ്യ താളമിട്ട്
രാഗങ്ങൾ ചൊല്ലിയ ഗുരുവല്ലയോ
എന്നിലെ കഴിവിനെ ചികയുവാനായ്
മോഹനം ചേർത്തൊരു ഗുരുവല്ലയോ
സാന്ത്വനമേകുവാനൊരാത്മാവിൻ കഥ
ചൊല്ലിടുന്നൊരു ഗുരുവല്ലയോ
തെറ്റെന്തു ചെയ്താലും പുഞ്ചിരിയാലത്
തിരുത്തിടുമെൻ പ്രിയ ഗുരുവല്ലയോ
യാത്രയോതുവാനെത്തിയ നേരത്തെൻ സിരയിൽ
കൈകൾ ചേർത്തനുഗ്രഹിച്ചില്ലയോ
നിറഞ്ഞൊരാമൗനം ത്യജിച്ചുകൊണ്ട്
പോയ് വരൂ എന്നു ചൊല്ലിയില്ലേ
കീർത്തനത്താൽ തീർത്ത പുണ്യമല്ലേ
പ്രകൃതിതൻ പ്രിയ തോഴിയല്ലേ
ഓർക്കുമെൻ ജീവിത പാതയിലുടനീളം
ഹംസധ്വനി പാടും ഗുരുനാഥയേ.

**************

# കഴുതയ്ക്ക് പറ്റിയ അമളി

*ഗോവിന്ദ് ഉദയൻ*



ഒരു കാട്ടിൽ ഒരു സിംഹം പാർത്തിരുന്നു. ഒരു കുറുക്കനാണ് സിംഹത്തിൻെറ ഭൃത്യൻ. ഒരു ദിവസം സിംഹം കുറുക്കനോട് പറഞ്ഞു:"എനിക്ക് വല്ലാത്ത വയറുവേദന. ആനയുടെ രക്തം കുടിച്ചതുകൊണ്ടാണ് ഇതുണ്ടായതെന്നാണ് വൈദ്യൻെറ അഭിപ്രായം. കഴുതയെ കൊന്നു തിന്നാൽ മാത്രമേ ഇതു ശമിക്കുകയുള്ളുവത്രെ. ഈ കാട്ടിലാകട്ടെ കഴുതയുടെ പൊടിപോലുമില്ല. അതിനാൽ താൻ എവിടെ നിന്നെങ്കിലും എനിക്ക് കഴുതയുടെ മാംസം കൊണ്ടുവന്നു തരണം.”

കുറുക്കൻ സിംഹത്തെ തൊഴുത് വണങ്ങി പുറപ്പെട്ടു. അവൻ രാത്രിയിൽ അങ്ങാടിയിൽവെച്ച്, ഒരു അലക്കുകാരൻെറ കഴുതയെ കണ്ടുമുട്ടി. കുറുക്കനുപായം പലതുമറിയാമല്ലോ. അവൻ രഹസ്യമായി കഴുതയോട് പറഞ്ഞു:"ഈ അലക്കുകാരൻെറ വസ്ത്രക്കെട്ടും പേറി രാപ്പകൽ നീ എന്തിനിങ്ങനെ കഴിയണം?രാജാവിനെ സേവിച്ചുകൊണ്ട് കാട്ടിൽ കഴിയുവാൻ നിനക്കു മോഹമില്ലേ?തീരെ പേടിക്കേണ്ടതുമില്ല. സിംഹത്തിൻെറ അടുത്തുപോകാം അവിടെ ഭക്ഷണത്തിന് എന്തു സുഖമാണെന്നോ?ഭക്ഷണം,വസ്ത്രം തുടങ്ങി എല്ലാം അവിടെ സുലഭമായി ലഭിക്കും.”കുറുക്കൻെറ വാക്കുകളിൽ കഴുത മയങ്ങിപ്പോയി. അവൻ

കുറുക്കൻെറ കൂടെ കാട്ടിലേക്ക് പുറപ്പെട്ടു.

കുറുക്കൻ വിഢ്ഢിയായ കഴുതയേയും കൂട്ടി സിംഹത്തിൻെറ മുന്നിലെത്തി. സിംഹത്തിന് ഇതിൽപ്പരം സന്തോഷമുണ്ടോ?അന്നത്തെ അത്താഴമൂണിന് അവനെ കൊല്ലാം എന്ന് മനസ്സിൽ കരുതി സിംഹം ഉടനെ സന്ധ്യാവന്ദനത്തിന് പുറപ്പെട്ടു. കഴുതയ്ക്കാകെ പേടിയായി. അവൻ കുറുക്കനും സിംഹവുമറിയാതെ ഉടനെ നാട്ടിലേക്കുതന്നെ ഓടിപ്പോയി.സിംഹം വന്ന് നോക്കിയപ്പോൾ കഴുതയെ കാണ്മാനില്ല. ദു:ഖിതനായ അവൻ കുറുക്കനെ തന്നെ രണ്ടാമതും വിളിച്ച് പറഞ്ഞു:" നീ എന്തെങ്കിലും ഉപായമെടുത്ത് അവനെ വീണ്ടും കൊണ്ടുവരണം.”

കുറുക്കൻ വിണ്ടും കഴുതയുടെ അടുത്തുചെന്നു. “കഷ്ടം! നിനക്കു കാട്ടിൽ നിന്ന് ഒളിച്ചോടിപ്പോരുവാൻ തോന്നിയല്ലോ.ദുരിതം കൊണ്ടു നീ കഴുതയായി ജനിച്ചു. അലക്കുകാരൻെറ വസ്ത്രഭാണ്ഡവും പേറി നടക്കേണ്ട ഗതികേടും നിനക്ക് വന്നു ചേർന്നു. സിംഹരാജാവിനെ സേവിച്ച് എത്ര സന്തോഷമായി നിനക്കവിടെ കഴിയാമായിരുന്നു? കാട്ടിൽ പരമസുഖമാണ്. രാജാവായ സിംഹം വിശ്വാസവഞ്ചന ചെയ്യുന്നവനല്ല. ബുദ്ധിയില്ലാത്ത നിനക്ക് ഒളിച്ചുപോരുവാൻ തോന്നിയത് വളരെ കഷ്ടമായി.”

കഴുത പേടിച്ചുകൊണ്ട് പറഞ്ഞു:"ഞാൻ സിംഹത്തെ കണ്ട് വല്ലാതെ ഭയപ്പെട്ടുപോയി. ആ ദുഷ്ടൻ എന്നെ കടിച്ചു കൊല്ലുമെന്ന് ഞാൻ വിച്ചാരിച്ചു. ആ കണ്ണും ദൃഷ്ടിയും കണ്ടപ്പോൾ തന്നെ എനിക്കു ജീവൻ പോയി.”

“കഷ്ടം, നീ ഒരു ഭീരുവാണ് ” കുറുക്കൻ പറഞ്ഞു. "ഒരുത്തൻെറ സ്വഭാവമറിയാതെ ഇങ്ങനെ സംശയിക്കരുത്. ആ

മൃഗരാജാവ് വളരെ സൗമ്യനാണ്. എല്ലാവർക്കും സുഖമുണ്ടാവണമെന്നാണ് അദ്ദേഹത്തിൻെറ ആഗ്രഹം തന്നെ. സന്േഹത്തോടെ നിന്നെ കെട്ടിപ്പുണരുവാനും കുശലം ചോദിക്കുവാനും പുറപ്പെട്ട സിംഹത്തെ കണ്ടു നീ പേടിച്ചു പോയി. ഇതുകഷ്ടം തന്നെ. കുരങ്ങന്മാരുടെ കല്യാണത്തിന് പാട്ടുപാടുന്ന കഴുതകളുടെ മഹത്വം ഞാൻ പണ്ടേ കേട്ടിട്ടുണ്ട്. നിൻെറ പാട്ട് കേൾക്കുവാൻ തമ്പുരാന് വളരെ ആഗ്രഹമുണ്ട്. നാട്ടിൽ ദാസിമാരുടെ വിഴുപ്പുഭാണ്ഡവും പേറി നീ എന്തിനിങ്ങനെ നരകിച്ചു കഴിയണം?നമുക്ക് കാട്ടിലേക്കു തന്നെ തിരിച്ചുപോകാം.”

കുറുക്കൻെറ മനം കവരുന്ന ഭംഗിവാക്കുകളിൽ കഴുത വീണു. വിഢ്ഢിയായ അവൻ കുറുക്കനോടൊന്നിച്ച് വീണ്ടും സിംഹത്തിൻെറ മുന്നിലെത്തി. കഴുതയെ കാണേണ്ട താമസം സിംഹം ഒരൊറ്റകടി. അതോടെ അവൻെറ കഥ കഴിഞ്ഞു.

[ഗുണപാഠം:-ചിന്തിച്ച് പ്രവർത്തിക്കുക}

*****************



ലീന ജോഷി

# മഴക്കാലം

പുറത്തു തിമിർത്തു പെയ്യുന്ന മഴ. മാളത്തിനുള്ളിൽ ചുരുണ്ടുകൂടിയിരുന്ന കീരൻ പാമ്പിന് തണുപ്പ് സഹിക്കാൻ വയ്യാതെയായി.

മാളത്തിൻെറ അരുകുപറ്റി കൂട്ടം കൂട്ടിയിരുന്ന കുഞ്ഞുറുമ്പിന് ഒരു കുസൃതി തോന്നി. അവൻ കീരൻെറ വാലിൻെറ അറ്റത്ത് ഒരു കടിവെച്ചുകൊടുത്തു.

കടുത്തുവരുന്ന തണുപ്പിൻെറ കൂടെ കുഞ്ഞുറുമ്പിൻെറ കടിയുടെ വേദനകൂടിയായപ്പോൾ കീരന് ദേഷ്യം വരുന്നുണ്ടായിരുന്നു. പക്ഷേ, അവനത് കാണിച്ചില്ല. കുഞ്ഞുറുമ്പ് പിന്നെയും ശല്യം തുടർന്നു കൊണ്ടിരുന്നു.

മഴവെള്ളം നിറഞ്ഞു കവിഞ്ഞപ്പോൾ കുഞ്ഞുറുമ്പിൻെറ കൂടിനകത്തും നിറയെ വെള്ളം കയറി. കുഞ്ഞുറുമ്പും കൂട്ടരും രക്ഷപെടാനാവാതെ വെള്ളത്തിൽ കൈകാലുകളിട്ടടിച്ചു.

മാളത്തിലിരുന്ന കീരന് ഉറുമ്പുകളുടെ അവസ്ഥ കണ്ട് ദു:ഖം തോന്നി. കീരൻ തൻെറ വാലറ്റം കുഞ്ഞുറുമ്പിൻെറ കൂട്ടിനുള്ളിലും തല പെരുമരത്തിൻെറ ചുവട്ടിലുമാക്കി നീണ്ടുനിവർന്നു കിടന്നു. കുഞ്ഞുറുമ്പും കൂട്ടരും കീരൻെറ ശരീരത്തിൽ തത്തിപ്പിടിച്ചു നടന്ന് മരത്തിൽ കയറിപറ്റി.


കുഞ്ഞുറുമ്പിന് കീരനെ ഉപദ്രവിച്ചതിൽ ലജ്ജ തോന്നി. തങ്ങളെ രക്ഷപെടുത്തിയതിന് കുഞ്ഞുറുമ്പ് കീരനോട് നന്ദി പറഞ്ഞു. പിന്നീടൊരിക്കലും അവൻ ആരെയും ഉപദ്രവിച്ചില്ല.

************



.......

# ROBERT FROST



Whose woods these are I think I know.

His house is in village though;

He will not see me stopping here

To watch  his woods fill up with snow.

My little horse must think it queer

To stop without a farmhouse near

between  the woods and frozen lake

the darkest evening of the year.

He gives his harness bell a shake

To ask if there is some mistake.

The only other sound's the sweep


of easy wind and downy flake.

The woods are lovely , dark and deep,

but I have promises to keep,

and miles to go before I sleep,

and miles to go before I sleep.



# തെളിയുന്ന വസന്തം

സേവ്യാർ കണ്ടൂർ

മണിമേഘ മിന്നൽ കിളികൾ പറന്നുയർന്നു,
മരതക പൂവസന്തം മയിൽപ്പീലി വിടർത്തി,
പ്രണയ മന്ദഹാസം മലരുകൾ ചൊരിഞ്ഞു

കരളിലലിഞ്ഞുരോമാഞ്ച കുളിരലകൾ,
കുഴൽ കോന്തിയിളകിയാടി കല്പകതരുക്കൾ,
പുഞ്ചിരിതൂകി കാന്തിയേകി കമലദളങ്ങൾ

അർക്കനരുണരും ദിക്കിലുണർന്ന വാർമുകിൽ തോഴിമാർ,
അവനിയിൽ പുളകമണിഞ്ഞു മന്നവനവരതം
പതിരുകൾ കതിരുകളായതു കതിരവൻ നൽകി,

മുകിലുകളുളളത് മുത്തുകളായി മാറിൽ ചാർത്തി
നെറ്റിപട്ടം കെട്ടിയ മഞ്ഞുമാമരമലകളിൽ,
പച്ചവെഞ്ചാമരം വീശി മാമരചില്ലകൾ

പഞ്ചലാവണ്യധാരയിലാറാടി പൊൻമയിലുകൾ
പ്രപഞ്ചവർണ പട്ടുകുടയുയർത്തി നീല വാനിൽ
അഴലകറ്റി ഊഴിയിലാഴികളാരവത്താൽ,

കാനന തേങ്ങലുകളേറ്റുവാങ്ങിയ കല്ലോലിനി,
ആനന്ദ നടനമാടി നൂപുരധ്വനിയാൽ
കദനങ്ങളകറ്റി ചേലചുറ്റിയകന്നേകയായ്......!

**********




അമ്മേ നീയാണെനിക്കഖിലവും

നിത്യ ചൈതന്യവും നീതന്നെ!

നിൻ മാറിടത്തിൽ ഞാൻ കാണുന്ന നിത്യവും

സ്നേഹാർദ്രമാം മെത്തയൊന്നുറങ്ങുവാൻ

നീ തന്നെ അമ്മിഞ്ഞപ്പാലിന്റെ മാധുര്യം

തേജസ്സുനിറഞ്ഞ സ്നേഹവായ്പ്പും

നിന്നമൃതകുംഭം ചുരത്തിടുമ്പോൾ

കാണാമറയത്തുനിന്നുപോലും

നിന്നെ പഴിക്കുവാൻ ആർക്കു സാധ്യം...!

താരാട്ടുപാട്ടിന്റെ ലയവിന്യാസം

നിന്റെ കർണ്ണങ്ങൾക്കനാഥമല്ലേ

താരാട്ടുപാട്ടിന് താളം പിടിക്കേണ്ട

താതനും ഇന്നെങ്ങോ പോയി മറഞ്ഞു.

അമ്മേ നീയാണെനിക്കഖിലവും

നിത്യചൈതന്യവും നീ തന്നെ

*************



# SKY PALACE

**A** poor woman lived in a village. She had a son who was called 'Tommy' and also a calf.

One day,she said to her son.

"My dear son, today, we have grains. You go to the market and sell this calf. Then we can purchase rice."

The boy 'Tommy' could not understand what his mother said.

"Sell the calf" he wondered. His mother brought the calf to him. It was the first time, he went to the market. So he had some fear in his mind. When he walked some distance, he saw a man. Tommy told him about the calf. The man bought that the calf and gave him the grains. Tommy thought that the grains were precious than the calf. He returned home with grains. The mother was surprised to see her son returned with some grains. She exclaimed.

"Tommy, what a fool you are! Why do you sell that for a handful of grains."

Tommy replied,

"Mother the man who bought the calf told me that the grains were valuable than the calf."

"My son,that man cheat you. The mother could not suffer."

She said,

"Tommy, these grains are not growing up in the dry land. You throw away out."

Then angrily, she threw them out.

That night they lay starved. Next morning, they were startled. The grains she threw out were grown up to the sky. Tommy touched the tree. That was strong. He said,

"Mother I am going to climb up the tree."



Mother advised him

"You should be careful."

Tommy began to climb up the tree Climbing up again and again, he reached near the sky. When he reached there, he saw a beautiful lady standing among the clouds. She was an angel. Tommy could not understand her. Coming near the lady, he asked her,

"Hey, beautiful lady, this palace is very nice."

She replied

"No this is the abode of a giant."

Tommy replied,

"Okay, who are you? Why do you come here?

She replied,

"Oh! It is a tale; you listen: He lived here happily with his wife and a son. But their happy life would not last long. One day, in a special situation, the Chieftain wanted to go for a war. His wife took her son and went to the house of a relative. That time, a giant came to the palace. The guards were afraid of the giant and ran away.

One of the guards informed the Chieftain of the Giant. The Chieftain, too, was afraid to return to his palace. His wife and son continued to stay in the house of his relative. Within a short time, their relative also died."

"The giant liked that palace. He took his wife and started to live there."The angel continued..."

In that palace, there is a magic hen and a talking lyre."

Angel again said,

"Hey boy, you can help them. But you should be careful. The giant is big and strong . However, you should take the magic hen, gold coins and talking lyre and give back them to the poor woman.

Tommy replied,

"At once, I will defeat the Giant and take back them."

Slowly, he came near the threshold of the palace. The Giantess asked him,

"who are you? How do you come here? Here there is plenty of works. If you work well, you can stay here."

Tommy agreed . He did all works in the palace. The Giantess was pleased. She said,

"Son, you are good boy. You can stay here happily. But the Giant does not like human beings. He will come now. There you hide..."

Tommy hid the place where the giantess indicated. Then the Giant arrived. As soon as he entered, he called his wife, and said,

"Here is a smell of a man. I want to eat him immediately."

His wife replied,

"Hey, no my dear",Today I prepare the flesh of an elephant to eat you. You feel that smell. You come and eat...."

The Giant believed her words after eating his food, he took the magic hen and asked golden egg. Suddenly the hen laid a golden egg. The Giant took the egg and went to sleep. Tommy, at once, took the magic hen and returned home. His mother was very happy to see him. He said, "mother this is a magic hen. We must give it to the Chieftain and his wife.

Same day, at night when his mother slept, Tommy, again, came to the sky palace. He was in the guise of a girl. The Giantess took her to the palace. She had a special interest in the girl. She gave her food. When the giant came, she concealed the girl in a big earthen jug. The Giant felt the smell of man. The Giantess said,

"Today, I prepare the flesh of a deer to eat. You come and eat."

Believing her words, he ate food and went to sleep. When he was sure that the Giant and his wife were sleeping, he started to search there. He saw a box full of gold. He took the gold and talking lyre and began to run. Suddenly the lyre cried loudly.

"Thief... Thief... save me." Tommy murmured to the lyre, "I am not thief. I come to reach you to the real owner." The lyre said, "You hide behind that rock. I turn the attention of the Giant and save you..."

As soon as Tommy hid behind rock, the Giant and his wife came near the lyre, it cried out

"Thief... Thief... There... he runs that way."

The Giant ran that way. Suddenly, Tommy took the lyre and climbed down through the tree. The Giant saw him and started to climb down. Instantly, Tommy's mother took an axe and cut down the tree. The Giant fell down in a distant place. The mother embraced her son. He said,

“Mother here is the gold and talking lyre. This lyre saved me. We will find out the chieftain and give all these things to the woman and her son.”

Immediately the mother said,

“My dear son, I am the wife of that chieftain and you are the son... These are ours...”

The words of the mother surprised him. Suddenly the angel appeared and said.

“Whatever your mother told you, are truth.”You look back, there comes your father...”

Tommy could not control his happiness. His mind was filled with gratitude to the man who brought the calf and presented the grains. Then they lived happily for a long time....

***************

# ENGLISH ROSE

**W**hat tender beauty lays before me
I call her my **English rose**

**L**ips red like petals and as soft
earthen eyes I could sink into
breathless I look on captivated
if only I could bathe in her scent
lay my head upon her bosom
and sleep against the softest skin

**H**ow beautiful my **English rose**
how strong this feeling pines
at my thoughts into my soul
here is a beauty unlike any other
tenderly sweet before my eye
I could hold this picture forever
and forever lone my **English rose**





# രാഗം നദികളാകുന്നു



*നന്ദനാ ഗിരീഷ്*

**രാഗങ്ങൾ ഓരോന്ന് പാട്ടുംനേരം**
**ഒഴുകുന്നു സിന്ദുവും കാവേരിയും**
**പുലരിയിൽ മങ്ങുന്ന കാഴ്ചതൻ കണ്ണിലും**
**എൻ മനമാകെ തുടിതുടിപ്പൂ**
**ഒന്നും പറയാതെവയ്യ മിഴിനിറഞ്ഞു**



**എവിടയാണെന്നൊന്നു നീ പറയു**
**എൻ പ്രിയ നദികളാം കാവേരിയും**
**ഉണരുമ്പോൾ തഴുകുന്ന നിൻ രാഗവും**
**പിന്നെ അലയടിച്ചീടുന്നു നിൻ നദികളും**

**സൂര്യനെ പോലെ തിളങ്ങുന്നു നീ**
**നിൻ തുള്ളി വീണ മനംതുടിപ്പൂ......**
**നിൻ മാറിൽ ചൂടേറ്റുറങ്ങുവാൻ മോഹിച്ചു.**
**അലയടിച്ചിടുന്നു എൻെറ മനം.**
**ഞാൻ കാതോർത്തു കേൾക്കുന്നു നിൻെറ സ്വരം.**

***************







# ഉപായവും

# അപായവും



ഒരു ആൽമരത്തിൽ കുറെ കൊറ്റികൾ താമസിച്ചിരുന്നു.ആ മരത്തിന്റെ താഴത്തെ പൊത്തിൽ ഒരു കൃഷ്ണസർപ്പവും. കൃഷ്ണസർപ്പം ഇടയ്ക്കിടെ ആൽമരത്തിൽ കയറും.എന്നിട്ട് കൊറ്റിക്കുഞ്ഞുങ്ങളെ പിടിച്ച് തിന്നും. ഇതൊരു പതിവായപ്പോൾ കൊറ്റികളെല്ലാം ഒത്തുകൂടി. അവർ സർപ്പത്തെ ഇല്ലാതാക്കാനുള്ള മാർഗ്ഗം ആലോചിച്ചു.

അവർ തടാകക്കരയിൽ ഞണ്ടിനെക്കണ്ട് തങ്ങളുടെ സങ്കടം ഉണർത്തിച്ചു. പ്രായവും പക്വതയുമുള്ള ഞണ്ട് തങ്ങൾക്കൊരു ഉപായം പറഞ്ഞു തരുമെന്ന് അവർ വിശ്വസിച്ചു.

അവരുടെ വിശ്വാസം ശരിയായിരുന്നു.ഞണ്ട് ഒരുപായം പറഞ്ഞു.

"കൂട്ടുകാരെ,തടാകത്തിൽനിന്ന് കുറെ മൽസ്യങ്ങളെ പിടിച്ച്,തടാകം മുതൽ കൃഷ്ണസർപ്പത്തിന്റെ മാളം വരെ ഓരോന്നായി വിതറുക.മൽസ്യം തിന്നാനെത്തുന്ന കീരി ആല്മരച്ചുവട്ടിലെത്തി അവനെ കൊല്ലും.അങ്ങനെ നിങ്ങളുടെ ദുഃഖം മാറും."


കൊറ്റികൾക്ക് സന്തോഷമായി.അവർ അതിനു പിന്നിലെ അപകടം മനസ്സിലാക്കിയില്ല.മറ്റൊന്നുമാലോചിക്കാതെ അവർ ഞണ്ട് പറഞ്ഞ പ്രകാരം ചെയ്തു.

അങ്ങനെ മൽസ്യം ഭക്ഷിച്ചെത്തിയ കീരി കൃഷ്ണസർപ്പത്തെ കൊന്ന് സ്ഥലം വിട്ടു. പക്ഷെ,ആ കീരി അവിടെ താമസിച്ചിരുന്ന കൊറ്റികളെ കാണുകയും അവയെ ഓരോന്നായി പിടിച്ച് തിന്നുകയും ചെയ്തു. അങ്ങനെ കൊറ്റികളുടെ വംശം തന്നെ ഇല്ലാതായി.

ഒരു കാര്യം ചെയ്യുന്നതിനുമുമ്പ് രണ്ടുവട്ടം ആലോചിക്കുന്നത് നല്ലതാണ്.

*"ബുദ്ധിമാൻമാർ ഉപായം ആലോചിക്കുമ്പോൾ തന്നെ അതിനു പിന്നിലെ അപായത്തെക്കുറിച്ചും ചിന്തിച്ചിരിക്കണം."*

**********



# The Stammer

**We are two-minded,my tongue and I.**
**It is always like this : I mean**
**to say that house is tall**
**or God is one. But the tongue**
**Has another opinion. It wants**
**To be heart. we are like Mishnah,**
**To rabbis disputing**
**a morsel of law. I grapple**
**with my tongue as Jacob**
**wrestled with the angel**
**for a word. From this clash**
**of intentions I've learned**
**to hold back,to listen:**
**the voice at my shoulder when I**
**try to speak,saying**
**Wait. The tongue**
**is a caged beast,an animal**
**wild to escape. Compel it,**
**and it will include you. Released,**
**it will yield to your lightest desire. Soft,**
**and the sounds that need**
**to speak themselves will flow.**
**Be gentle and the words**
**will come like deer**
**to water or a women to love.**

# EDITORIAL BOARD



# നന്ദി

ഡിജിറ്റൽ മാഗസിൻ എന്ന ആശയം യാഥാർഥ്യമാക്കാൻ ഞങ്ങളോട് സഹകരിച്ചവർ ഏറെ......

ഹെഡ്മിസ്ട്രസ്, ക്ലാസ്സ് ടീച്ചേഴ്സ്, കൈറ്റ് മിസ്ട്രസ്,കൈറ്റ് മാസ്റ്റർ, സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തിയ മനു ഫ്രാൻസിസ്,ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, രചനകൾ തന്ന് സഹായിച്ചവർ......
എല്ലാവരോടും പറയാൻ ഒന്നു മാത്രം

നന്ദി........


Thank
You

